അന്യസംസ്ഥാന ലോട്ടറി ലൈസൻസ് ഫീസ് ഇനത്തിൽ ഉണ്ടായ നഷ്ടം

22 [2488] ശ്രീ. പി. സി. ജോർജ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കഴിഞ്ഞ അഞ്ച് വർഷത്തിനിടയിൽ അന്യ സംസ്ഥാന ലോട്ടറി ലൈസൻസ് ഫീസ് ഇനത്തിൽ എത്ര കോടി രൂപ ലഭിച്ചു;

(ബി) പ്രസ്തുത ഇനത്തിൽ ഖജനാവിന് കിട്ടേണ്ട രൂപ ലഭിക്കാതെ വന്നിട്ടുണ്ടോ;

(സി) ഉണ്ടെങ്കിൽ ഓരോ വർഷവും എത്ര തുക വീതം നഷ്ടമായി;

(ഡി) പണം നഷ്ടമാകാൻ ഇടയായ കാരണം വിശദമാക്കാമോ;

(ഇ) ഇത്തരത്തിൽ നഷ്ടമുണ്ടാകാതിരിക്കാൻ എന്ത് മുൻകരുതൽ നടപടി കൈക്കൊണ്ടു എന്ന് വെളിപ്പെടുത്താമോ;

(എഫ്) കേന്ദ്ര ഭാഗ്യക്കുറി നിയമം ലംഘിച്ചതിന്റെ പേരിൽ എത്ര കേസുകൾ ഏതെല്ലാം സംസ്ഥാന ലോട്ടറികൾക്കെതിരെ കൈക്കൊണ്ടു;

(ജി) പ്രസ്തുത കേസുകളുടെ ഇപ്പോഴത്തെ അവസ്ഥ എന്താണ്;

(എച്ച്) കേന്ദ്ര ഭാഗ്യക്കുറി നിയന്ത്രണ നിയമം ലംഘിക്കുന്ന സംസ്ഥാന ലോട്ടറികൾക്ക് എതിരെ കേസ് രജിസ്റ്റർ ചെയ്യുന്നതിന് എന്തെങ്കിലും നിയമതടസ്സം ഉണ്ടോ; ഉണ്ടെങ്കിൽ വിശദമാക്കാമോ?

ഉത്തരം

(എ - ഡി) വിവരങ്ങൾ ഉടനടി ലഭ്യമല്ല. ശേഖരിച്ച് നൽകുന്നതാണ്.

(ഇ) സംസ്ഥാനത്ത് അന്യ സംസ്ഥാന ലോട്ടറികളുൾപ്പെടെ എല്ലാ ലോട്ടറികളുടെയും വില്പന നിരോധിച്ച സാഹചര്യത്തിൽ ചോദ്യം പ്രസക്തമല്ല.

(എഫ്) കേന്ദ്ര ഭാഗ്യക്കുറി നിയമം ലംഘിച്ചതിന്റെ പേരിൽ അരുണാചൽ പ്രദേശ്, മേഘാലയ, നാഗാലാന്റ്, സിക്കിം തുടങ്ങിയ സംസ്ഥാന ലോട്ടറികൾക്കെതിരെ എൺപതോളം കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്.

(ജി) ചീഫ് സെക്രട്ടറിക്കും മറ്റും എതിരായി ഉണ്ടായ കോടതി അലക്ഷ്യ കേസിൽ 21-2-2005-ൽ കേരള സർക്കാർ സുപ്രീം കോടതിയുടെ ആവശ്യപ്രകാരം എഴുതി സമർപ്പിക്കേണ്ടി വന്ന സത്യവാങ്മൂലത്തിൽ കേന്ദ്ര ഭാഗ്യക്കുറി നിയന്ത്രണ നിയമം ലംഘിച്ചതിന്റെ പേരിൽ ഇനി കേസുകൾ രജിസ്റ്റർ ചെയ്യില്ലെന്നും രജിസ്റ്റർ ചെയ്ത കേസുകളിൽ തുടർ നടപടി സ്വീകരിക്കില്ലെന്നും ബോധിപ്പിച്ചതിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത കേസുകളിൽ തുടർ നടപടി സ്വീകരിക്കാൻ നിർവ്വാഹമില്ല.

LIBRARY ARCHIVES Kerala Legislative Assembly

(എച്ച്) കേന്ദ്ര ഭാഗ്യക്കുറി നിയന്ത്രണ നിയമം ലംഘിക്കുന്ന സംസ്ഥാന ലോട്ടറികൾക്ക് എതിരെ സംസ്ഥാന സർക്കാർ നടപടി സ്വീകരിച്ചതിനെതിരെ 11-10-2004-ൽ ബഹു. സുപ്രീം കോടതി ഉത്തരവ് ലംഘിച്ച് നടപടി എടുത്തു എന്നാരോപിച്ച് മേഘാലയ സർക്കാർ ഫയൽ ചെയ്ത കോടതി അലക്ഷ്യക്കേസിൽ കോടതിയുടെ നിർദ്ദേശപ്രകാരം കേന്ദ്ര നിയമം ലംഘിച്ചു നടത്തുന്ന ലോട്ടറികൾക്കെതിരെ ഇനി നടപടി സ്വീകരിക്കില്ല എന്ന് കേരള സർക്കാർ സുപ്രീം കോടതിയിൽ സത്യവാങ്മൂലം ഫയൽ ചെയ്തിട്ടുണ്ട്.

ലോട്ടറി വകുപ്പിന്റെ വരവ് ചെലവ് കണക്കുകൾ

23 [2489] ശ്രീ. മഞ്ഞളാംകുഴി അലി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാന ലോട്ടറി വകുപ്പിന്റെ കഴിഞ്ഞ 5 വർഷക്കാലത്തെ വരവ് ചെലവ് കണക്കുകൾ സംബന്ധിച്ച വിശദാംശം വ്യക്തമാക്കുമോ;

(ബി) ലോട്ടറി ടിക്കറ്റ് വിറ്റുവരവിൽ ലഭിച്ച തുകയും സമ്മാനം നൽകിയ തുകയും വകുപ്പിന്റെ പ്രവർത്തനത്തിനുവന്ന ചെലവും സംബന്ധിച്ച വിശദാംശം വ്യക്തമാക്കുമോ;

(സി) സംസ്ഥാന ലോട്ടറി വകുപ്പിൽ എത്ര ജീവനക്കാരാണ് പണിയെടുക്കുന്നത് എന്ന് വെളിപ്പെടുത്താമോ?

ഉത്തരം

(എ) സംസ്ഥാന ഭാഗ്യക്കുറി വകുപ്പിന്റെ കഴിഞ്ഞ 5 വർഷക്കാലത്തെ വരവ് ചെലവ് കണക്കുകൾ ചുവടെ ചേർക്കുന്നു.

(രൂപ കോടിയിൽ)

വർഷം	*ആകെ വരവ്*	*ആകെ ചെലവ്*	*അറ്റാദായം*
1999-2000	102.15	91.12	11.03
2000-2001	133.38	106.59	26.79
2001-2002	122.69	120.92	1.77
2002-2003	131.69	120.29	13.40
2003-2004	134.98	115.11	19.87

(ബി) ലോട്ടറി ടിക്കറ്റ് വിറ്റുവരവിൽ ലഭിച്ച തുകയും വകുപ്പിന്റെ പ്രവർത്തനത്തിനു വന്ന മൊത്തം ചെലവും മുകളിൽ ചേർത്തിരിക്കുന്നു. കഴിഞ്ഞ 5 വർഷത്തെ സമ്മാന വിതരണയിനത്തിലുള്ള ചെലവ് ചുവടെ ചേർക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly